### പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 285

# ലയിക്കേണ്ടതായ ഒരു നിഗൂഢത

## A MYSTERY TO BE DISSOLVED IN

**സെപ്തംബർ 18, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### നിർദ്ധാരണം ചെയ്യപ്പെട്ടതും ലയിക്കപ്പെട്ടതും
### SOLVED AND DISSOLVED

ശാസ്ത്രത്തിൽ, എല്ലായ്പോഴും, നിർദ്ധാരണം ചെയ്യപ്പെടേണ്ടതായ ഒരു പ്രശ്നം ഉണ്ടാവും. പ്രശ്നമൊന്നും ഇല്ലെങ്കിൽ, അപ്പോൾ ശാസ്ത്രം തന്നെയുണ്ടാവില്ല. അപ്പോൾ, ഒരു ശാസ്ത്രജ്ഞൻ സദാ ഒരു പ്രശ്നം അഥവാ മറ്റൊന്ന് നിർദ്ധാരണം ചെയ്യുന്നതിന്റെ പുറകേ ആയിരിക്കും, അയാൾ സംശയാലു(problematic)വായി മാറുന്നു. അതുകൊണ്ട്, ഒരു ശാസ്ത്രജ്ഞൻ സംശയാലുവാണ്, അതേസമയം ശാസ്ത്രം ഒരു പ്രശ്നവും. എന്തുകൊണ്ട്? ഐൻസ്റ്റീനാണ് പറഞ്ഞത്, "ഒരു ശാസ്ത്രജ്ഞനായി വീണ്ടും ജനിക്കാൻ ഞാനിഷ്ടപ്പെടുന്നില്ല. എനിക്ക് വീണ്ടും ജനിക്കേണ്ടി വരികയാണെങ്കിൽ, ഒരു മരപ്പണിക്കാരനായി ജനിക്കാനാണ് എന്റെ ആഗ്രഹം." തന്റെ കണ്ടെത്തലുകളുടെ, ശാസ്ത്ര ഗവേഷണത്തിന്റെ, നിരവധി ആളുകളുടെ മരണത്തിന് കാരണമായ അണുബോംബിനു പുറകിലുള്ള സിദ്ധാന്തങ്ങളുടെ, പേരിൽ അദ്ദേഹം ഏറെ ലജ്ജിച്ചിരുന്നു.



ഒരു ശാസ്ത്രജ്ഞനെന്ന നിലയ്ക്കുള്ള തന്റെ തൊഴിലിന്റെ പേരിൽ അദ്ദേഹത്തിന് നാണക്കേട് തോന്നിയിരുന്നു.




അപ്പോൾ വസ്തുത എന്തെന്നാൽ, ശാസ്ത്രം ഒരു പ്രശ്നത്തെക്കുറിച്ച് പഠിക്കുന്നത് അത് നിർദ്ധാരണം ചെയ്യുന്നതിനു വേണ്ടിയാണ്. എന്നാൽ, ആദ്ധ്യാത്മികത അങ്ങനെയല്ല. നിങ്ങൾ അലിഞ്ഞുചേരുന്ന ഒരു നിഗൂഢതയാണത്. എന്തെങ്കിലും തെളിയിക്കപ്പെട്ടാൽ,

എന്തെങ്കിലും നിർദ്ധാരണം ചെയ്യപ്പെട്ടാൽ, അത് ശാസ്ത്രമാണ്. നേരേ മറിച്ച്, നിങ്ങൾ ആദ്ധ്യാത്മികതയിൽ അലിഞ്ഞുചേരുമ്പോൾ, നിങ്ങൾക്കു പിന്നെ അസ്തിത്വ മില്ല(you no longer exist). അപ്പോൾ, നിങ്ങൾ ലയിക്കപ്പെടുമ്പോൾ, അതാണ് ആദ്ധ്യാത്മികത. ആദ്ധ്യാത്മികതയിൽ ഒരു വട്ടം ലയിക്കപ്പെട്ടാൽ, നിങ്ങൾ(നിങ്ങളുടെ വൈയക്തിക സ്വത്വം-personal identity-എന്ന നിലയ്ക്ക്) പിന്നെ നിലനിൽക്കുന്നില്ല.

ഭഗവാൻ ദർശന വരിയിലൂടെ കടന്നു പോവുകയാണ്. അവിടുന്ന് നിങ്ങളെ നോക്കു ന്നു, നിങ്ങൾ ഭഗവാനെയും നോക്കുന്നു. അവിടെ പുഞ്ചിരിയുണ്ട്, നോട്ടങ്ങളുടെ കൈമാറ്റം ഉണ്ട്-ആഹാ! അത്ര മാത്രം. "ഹോ! എന്താണ് നിങ്ങൾക്ക് സംഭവിച്ചത്?" ഇത്തിരി മുമ്പ്, നിങ്ങൾക്ക് ഒരു ആവണക്കെണ്ണമുഖ(castor oil face)മായിരുന്നു. എന്നാൽ സ്വാമി നോക്കുമ്പോൾ, നിങ്ങളുടെ മുഖം ആയിരം മെഴുകുതിരികൾ അഥവാ ബൽബുകൾ കത്തിയപോലെ പ്രകാശിക്കാൻ തുടങ്ങുന്നു. എന്തുകൊണ്ട്? അതങ്ങനെയാണ്; അതിന് വിശദീകരണമില്ല.



അപ്പോൾ വസ്തുത ഇതാണ്, ആദ്ധ്യാത്മി കതയെന്നത് അലിഞ്ഞുചേരേണ്ട ഒരു നിഗൂഢത യാണ്, ശാസ്ത്രത്തിലേതുപോലെ നിർദ്ധാരണം ചെയ്യേണ്ടതായ ഒരു പ്രശ്നമല്ല. നിങ്ങൾ ലയിക്കു ന്നു. ഭഗവാൻ നമ്മളോട് സംസാരിക്കുമ്പോൾ, ഭഗ വാൻ നമുക്കൊരു ഇന്റർവ്യൂ തരുമ്പോൾ, നമുക്കു ണ്ടാവുന്ന ആവേശം, നമ്മൾ നടക്കുന്ന രീതി, നമ്മുടെ മുഖം അതിന്റെ സകല തേജ സ്സോടെയും തിളങ്ങുന്നത്-ഇതെല്ലാം നിങ്ങൾ ലയിക്കുന്നതു കാരണത്താലാണ്!

ഇന്റർവ്യൂവിനു ശേഷം, ഭക്തർ ഇന്റർവ്യൂ മുറിയിൽനിന്ന് പുറത്തുവന്ന് അവരവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനൊരുങ്ങുമ്പോൾ, അവരുടെ മുഖങ്ങൾ ശ്രദ്ധിച്ചോളൂ. തങ്ങളെന്താണോ, അവരത് മറക്കുന്നു-അവരുടെ നേട്ടങ്ങൾ, അവരുടെ പദവികൾ, അവരെല്ലാം മറക്കുന്നു. അവർ കാര്യങ്ങൾ വിവരിച്ചുകൊണ്ടേയിരിക്കുന്നു; അവർ കാര്യങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു, "നോക്ക്, അവിടുന്ന് ഞങ്ങളെ അവിടെ വച്ചാണ് കണ്ടത്. ഞങ്ങൾ നേരേ അങ്ങോട്ടു നടക്കാൻ തുടങ്ങി, അവിടുന്ന് ആവശ്യ പ്പെട്ടത്...ഇങ്ങനെയിങ്ങനെ...". "ആഹാ, അതേയോ!"

എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? എന്തുകൊണ്ടെന്നാൽ, അവർ ഭഗവാന്റെ സാന്നിദ്ധ്യത്തിൽ ലയിക്കപ്പെടുന്നു. ഇവിടെ 'മമകാര'(I-ness)ത്തിന്റെ പ്രശ്നമില്ല. ഇവിടെ ഈഗോയുടെ പ്രശ്നമില്ല. ഇവിടെ സ്വത്വ(identity)ത്തിന്റെ പ്രശ്നമില്ല. ശരീരബോധത്തിന്റെയോ പദവിയുടെയോ പ്രജ്ഞാബോധ(consciousness)ത്തിന്റെയോ വ്യക്തിത്വബോധ(personality awareness)ത്തിന്റെയോ പ്രശ്നമില്ല ഇവിടെ, ഇല്ല, ഇല്ല! നിങ്ങൾ അലിയിക്കപ്പെടുന്നു, അത്രേയുള്ളൂ. അപ്പോൾ, ശാസ്ത്രം എന്നത് തെളിയിക്കപ്പെടേണ്ട ഒന്നാണ്; അതേസമയം ആദ്ധ്യാത്മികതയെന്നത് അലിഞ്ഞുചേരാനാണ് നമ്മോടാവശ്യപ്പെടുന്നത്.



## ഗോചരമായതും അഗോചരമായതും
## MANIFEST AND UNMANIFEST

ശാസ്ത്രം എന്നത് ആവിർഭാവ(manifestation)മാണ്. നാമെല്ലാവരും നാമവും രൂപവും ഉള്ളവരാണ്. സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനെല്ലാം, അസ്തിത്വമുള്ളവയ്ക്കൊക്കെ, അവയുടെ നാമങ്ങളും രൂപങ്ങളും ഉണ്ട്. 'പ്രത്യക്ഷ ജീവിതം'(Life manifest) എന്നാണിത് വിളിക്കപ്പെടുന്നത്. ഇത് അർത്ഥമാക്കുന്നത്, പ്രത്യക്ഷമല്ലാത്ത കറന്റു(electricity)ണ്ട്, അതേസമയം പ്രത്യക്ഷമായ മൈക്രോഫോണുമുണ്ട് എന്നാണ്. കറന്റുണ്ട്, അത് പ്രകടമല്ല; എന്നാൽ വെളിച്ചം പ്രകടമാണ്. അപ്പോൾ, അപ്രകടിതമായതിനെയാണ് നമ്മൾ ആദ്ധ്യാത്മികത എന്നു വിളിക്കുന്നത്. അപ്രകടിത ജീവിതമാണ് ആദ്ധ്യാത്മികത. പ്രകടിത ജീവിതമാണ് ശാസ്ത്രം. ശാസ്ത്രം ദൃശ്യത്തെയാണ് കാണുന്നത്, മറ്റേത് ദൃഷ്ടാവിനെ കാണുന്നു. അതാണ് വ്യത്യാസം.





ഇനിയും, ശാസ്ത്രം ചില നേരം "അതെ" എന്നു പറയും, മറ്റു ചിലപ്പോൾ "അല്ല" എന്നു പറയും. ഒരു ശാസ്ത്രജ്ഞൻ പറയുന്നു, "ഇതാണ് വസ്തുത." മറ്റേ ശാസ്ത്ര

ഞാൻ പറയുന്നു, “എന്നോടു ക്ഷമിക്കണം, മറ്റൊരു വസ്തുതയുണ്ട്.” അപ്പോൾ, വാദങ്ങളും പ്രതിവാദങ്ങളും ഉണ്ട്. ചിന്തകളും പ്രതിചിന്തകളും ഉണ്ട്. അവ യോജി




ക്കാവുന്നവയും വിയോജിക്കാവുന്നവയും ആണ്. വിയോജിക്കുന്നതിനായി അവർക്കെല്ലാം യോജിപ്പാണ്! മറ്റു തരത്തിൽ പറയുകയാണെങ്കിൽ, ശാസ്ത്രം നിറയെ പ്രബന്ധങ്ങളും വിപരീതപ്രബന്ധങ്ങളും(thesis and anti-thesis), സ്വീകാരങ്ങളും നിഷേധങ്ങളും, അംഗീകാരങ്ങളും നിരാസങ്ങളും ഒക്കെയാണ്. പക്ഷേ ആദ്ധ്യാത്മികത അതുപോലെയല്ല. അത് സംശ്ലേഷണ(synthesis)മാണ്. തീസിസുകളും ആന്റി-തീസിസുകളുമാണ് ശാസ്ത്രത്തിന്റെ ഘടകങ്ങൾ, അതേസമയം ആദ്ധ്യാത്മികത സംശ്ലേഷണമാകുന്നു.




“ഇത് എന്റെ അനുഭവമാണ്” എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ, “താങ്കൾക്ക് തെറ്റി” എന്നോ “താങ്കൾ പറയുന്നത് ശരി” എന്നോ എനിക്കു പറയാനാവില്ല. നിങ്ങൾ പറയുകയാണ്, “സർ, ഞാൻ സ്വപ്നം കണ്ടത് ഇതാണ്”. “താങ്കളുടെ സ്വപ്നം തെറ്റാണ്” എന്ന് എനിക്കു പറയാൻ കഴിയില്ല, എന്തെന്നാൽ അത് **നിങ്ങളുടെ** സ്വപ്നമാണ്. “അല്ല” എന്ന് പറയാൻ ഞാനാരാണ്? അപ്പോൾ, എനിക്ക് നിങ്ങളുടെ സ്വപ്നത്തെ നിഷേധിക്കാനാവില്ല. നിങ്ങൾക്ക് ചോദ്യം ചെയ്യാൻ കഴിയില്ല. അതിനർത്ഥം, അതൊക്കെ സത്യമാണെന്നാണ്.




ഞാൻ ഭഗവാനെ മനസ്സിലാക്കുന്ന രീതിയും നിങ്ങൾ ഭഗവാനെ മനസ്സിലാക്കുന്ന രീതിയും വ്യത്യസ്തമാണ്. അതുകൊണ്ട്, എനിക്ക് നിങ്ങളുടെ ധാരണയെ ചോദ്യം ചെയ്യാൻ കഴിയില്ല. അതേപോലെ, എന്റെ ധാരണയെ നിങ്ങൾക്ക് നിഷേധിക്കാനോ നിരസിക്കാനോ കഴിയില്ല. അതിനർത്ഥം, അതെല്ലാം ശരിയാണ് എന്നാണ്. നിങ്ങളുടെ ധാരണ, നിങ്ങളുടെ സ്വപ്നം, നിങ്ങളുടെ ഗ്രഹണരീതി, നിങ്ങളുടെ വിശകലന രീതി-എല്ലാം ഒന്നാണ്. അതുകൊണ്ട്, ആദ്ധ്യാത്മികത സംശ്ലേഷണവും

സമഗ്രതയുമാകുന്നു അതേസമയം, ശാസ്ത്രം പ്രബന്ധവും വിപരീതപ്രബന്ധവും ആകുന്നു.

## ബദ്ധവും സ്ഥലകാലാതീതവും
## BOUND OR BEYOND TIME AND SPACE

അടുത്ത വസ്തുത എന്തെന്നാൽ, സ്ഥലവും കാലവും(time and space) ശാസ്ത്രത്തെ നിയന്ത്രിക്കുന്നു എന്നതാണ്. ഭൗതികശാസ്ത്രവും രസതന്ത്രവുമൊക്കെ പറയും, "താപനിലയ്ക്കും മർദ്ദത്തിനും വിധേയമായി, വാതകങ്ങളുടെ തുല്യ വ്യാപ്തങ്ങൾ, ഒരേ താപനില, മർദ്ദം എന്നീ വ്യവസ്ഥകളിൽ, ഒരേ തന്മാത്രകളുടെ എണ്ണം ഉൾക്കൊള്ളുന്നു." ഇവിടെ താപനില, മർദ്ദം എന്നിവ പരാമർശിക്കപ്പെടുന്നു. അപ്പോൾ, ഓരോ ശാസ്ത്രനിയമവും താപനിലയ്ക്കും മർദ്ദത്തിനും വിധേയമാണ്; സ്ഥലം, കാലം ഇവയാൽ പരിമിതമാണ്. എന്നാൽ ആദ്ധ്യാത്മികത കാലത്തിന് അതീതമാണ്, സ്ഥലത്തിനും അതീതമാണ്.






ഒരു ചെറിയ ഉദാഹരണം: ഏറെക്കാലം മുമ്പ്, ഭഗവാൻ ഒരു സ്വർണ്ണ മാല സൃഷ്ടിക്കുകയുണ്ടായി. അവിടുന്ന് അത് ശിവലിംഗത്തിന്റെ അടുത്തേക്ക് കൊണ്ടുപോയി. ശിവലിംഗം ഒരു വിഗ്രഹമാണെന്ന് നിങ്ങൾക്കറിയാമല്ലോ, ശിവലിംഗം? സ്വാമി ആ മാല ശിവലിംഗത്തിൽ അണിയിച്ചു. അത് അവിടെ ഒട്ടിപ്പിടിച്ചു. ഒരു മാലയ്ക്കും ശിലയിൽ ഒട്ടിപ്പിടിക്കാൻ കഴിയില്ല. ഒരു കല്ലിലും നിങ്ങൾക്ക് നിങ്ങളുടെ മാല പതിപ്പിക്കാൻ, ഒട്ടിക്കാൻ പറ്റില്ല. ഇല്ല! അത് ഉടനടി താഴെ വീഴും. അതുകൊണ്ട്, സാധാരണയായി ഒരു മാല ശിലയിൽ പറ്റിപ്പിടിക്കില്ല. അത് അസാദ്ധ്യമായ കാര്യമാണ്.

ആ ദിവസങ്ങളിൽ, ഡോ.ഭഗവന്തം എന്നു പേരുള്ള ഒരു ശാസ്ത്രജ്ഞനുണ്ടായിരുന്നു. ഡോ.ഭഗവന്തം ചോദിച്ചു, "സ്വാമീ, ഞാനൊരു ഭൗതിക ശാസ്ത്രജ്ഞനാണ്(physicist). ശിവലിംഗം എത്രയായാലും, ഒരു കല്ലാണ്. അവിടുന്ന് സൃഷ്ടിച്ച മാലയാവട്ടെ സ്വർണ്ണവും. ആ മാല എങ്ങനെയാണ് ശിലയിൽ ഒട്ടിയിരിക്കാൻ പറ്റുന്നത്?"

ബാബ ചിരിച്ചിട്ടു പറഞ്ഞു, "അങ്ങനെ ചോദ്യം ചെയ്യുന്നതിനു പകരം, നിനക്ക് ഈ രീതിയിൽ ചിന്തിക്കാം: സൃഷ്ടിക്കുന്നതിന് കഴിവുള്ളവന് അത് ഒട്ടിക്കാനും കഴിയും! കേവലം കരചലനത്താൽ സൃഷ്ടി നടത്തുന്നവന്, അത് ആ ശിലയിൽ പതിപ്പിക്കാനും കഴിയില്ലേ?"



ബാബ ശാസ്ത്രത്തിനും അതീതനാണെന്ന് അപ്പോൾ ആ മനുഷ്യന് മനസ്സിലായി, അയാൾക്ക് വെളിവുണ്ടായി! ബാബ ശാസ്ത്രത്തിന് അതീതനാണെന്ന് ഒരുവട്ടം നമുക്ക് മനസ്സിലാവുമ്പോൾ, നമുക്ക് നമ്മുടെ ബോധം തെളിയും. ഒരു താപനിലയ്ക്കും ഒന്നും ചെയ്യാനാവില്ല.

ഊട്ടി സമ്മർ ഷവേഴ്സിന്റെ(1976) പരിഭാഷകനായി പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. ഭഗവന്തം

## നല്ല ചൂടുള്ള ഒരു ഗ്രീഷ്മകാലദിവസം മഴവില്ല്

ഏറെക്കാലം മുമ്പ്, ഒരു അമേരിക്കക്കാരൻ-യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഹോളിവുഡിൽ നിന്നുള്ള തിരക്കേറിയ ഒരു ക്യാമറാ മാൻ, ഫോട്ടോഗ്രാഫർ-തന്റെ ഭാര്യയിൽ നിന്നുള്ള സമ്മർദ്ദം കാരണമായി ഇവിടെ വന്നു.(നിങ്ങൾക്കറിയാം, സായി യുഗത്തിൽ, വളരെ രസകരമായ ഒരു കാര്യം എന്താണെന്നു വച്ചാൽ, ഭർത്താക്കന്മാർ അവരുടെ ഭാര്യമാരാൽ ആകർഷിക്കപ്പെടുന്ന ു അഥവാ നിയന്ത്രിക്കപ്പെടുന്നു എന്നുള്ളതാണ്. അപ്പോൾ ഭാര്യമാർ എഞ്ചിനുകളാണ്, അതേസമയം ഭർത്താക്കന്മാർ കംപാർട്ട്മെന്റുകളാകുന്നു.




ജോയൽ റിയോർദൻ(Joel Riordan 1923-82) സ്വാമിക്കൊപ്പം. Adventures of Superman (1952), Highway Patrol, A Prize of Gold (1955) ഇവ പ്രശസ്ത സിനിമകളാണ്.

(നാം പരസ്യമായി സമ്മതിക്കില്ലായിരിക്കും, പക്ഷേ ഇത് ലോകമെമ്പാടും അറിയാവുന്ന സത്യമാണ്, വസ്തുതയാണ്, ഒരു വലിയ പൊതുസത്യമാണ്. ഭർത്താക്കന്മാർ അവരെ അനുഗമിക്കുന്നതു വരെ ഭാര്യമാർ അടങ്ങിയിരിക്കില്ല.)

അപ്പോൾ, ഈ ഹോളിവുഡ് നടൻ-അദ്ദേഹം ഒരു എഴുത്തുകാരനും സംവിധായകനും കൂടി ആയിരുന്നു-ഇവിടെയെത്താൻ നിർബന്ധിതനായി. വരുന്നതിനു മുമ്പ് അദ്ദേഹം USA ലെ തന്റെ സുഹൃത്തുക്കളോടു പറഞ്ഞിരുന്നു, "എന്റെ ഭാര്യ ചെയ്യുന്നതുപോലെ ഭഗവാൻ ബാബയെ ഞാൻ അംഗീകരിക്കണമെന്നുണ്ടെങ്കിൽ, എനിക്കുവേണ്ടി ഒരു മഴവില്ല് സൃഷ്ടിക്കാൻ ഞാൻ സ്വാമിയോട് ആവശ്യപ്പെടും! അത്തരമൊരു കാര്യം അദ്ദേഹത്തിന്റെ ജുബ്ബയുടെ കൈയിൽനിന്ന് എടുക്കാൻ പറ്റില്ലല്ലോ. അങ്ങനെയെന്തെങ്കിലും എനിക്ക് അനുഭവം വരണം, അപ്പോളേ എനിക്ക് സ്വാമിയുടെ യാഥാർത്ഥ്യം ബോധ്യമാവുകയുള്ളൂ."

ഇവിടെ വന്നതിനു ശേഷം ഒരു ദിവസം, ഈ മാന്യനും അദ്ദേഹത്തിന്റെ ഭാര്യയും അടുത്തുള്ള ഒരു മലയുടെ മുകളിൽ കയറി. മുഴുവൻ ദൃശ്യഭംഗിയും കണ്ടുകൊണ്ട്, മുകളിൽനിന്ന് എല്ലാ ദിക്കിലേക്കും നോക്കിക്കൊണ്ട്, അവർ അവിടെയിരുന്നു. പകൽവെള കാലത്ത് 11.30 ആയിട്ടുണ്ടാവും സമയം. പെട്ടെന്ന് ആകാശത്ത് അവരൊരു മഴവില്ല് കണ്ടു. പക്ഷേ അത് സാധാരണ കാണുന്ന, വളഞ്ഞ തരത്തിലുള്ള മഴവില്ലായിരുന്നില്ല. അത് ആകാശം വരെ നേരെ ഉയർന്നിട്ട്, അവർ നോക്കിക്കൊണ്ടിരിക്കവെ, സാവധാനം താഴെ നിന്ന് മുകളിലേക്ക് മാഞ്ഞുപോകാൻ തുടങ്ങി!



ആ മഴവില്ല് കണ്ടതിനു ശേഷം, അദ്ദേഹം അത്ഭുത സ്തബ്ധനായി. "വൗ! ഞാൻ എന്റെ അഭിലാഷത്തെപ്പറ്റി ആരോടും പറഞ്ഞിരുന്നില്ല. ബാബയാണിത് കൊണ്ടുവന്നത്!" അവർ അത്ഭുത സ്തബ്ധരായി. താമസിയാതെ അവർ താഴെയിറങ്ങി ദർശനവരിയിൽ കയറി. പിറ്റേന്നു കാലത്ത്, സ്വാമി അവരുടെ അടുത്തേക്കു വന്നിട്ട് വലിയ ഒരു പുഞ്ചിരിയോടെ തിരക്കി, "ശരി, എന്റെ മഴവില്ല് നിങ്ങൾക്ക് ഇഷ്ടപ്പെട്ടോ?"

സാവധാനം, സാവധാനം, സാവധാനം ഭഗവാൻ സമയം തരുന്നു, തൂങ്ങിക്കിടക്കാൻ




ഒരു നീണ്ട കയറു തരുന്നു! അങ്ങനെ, ഈ മനുഷ്യനും ദർശന വരിയിൽ നിന്നു. പെട്ടെന്ന് അദ്ദേഹത്തിന് ഇന്റർവ്യൂ കിട്ടി. ഇത്തരം ആളുകൾക്ക് പെട്ടെന്നുതന്നെ ഇന്റർവ്യൂ കിട്ടും, എന്തെന്നാൽ അവർ സംശയാലുക്കളാണ്. ഭഗവാനെ സ്വീകരിച്ചവരെ സംബന്ധിച്ച്, അവർക്ക് ഒരു ഇന്റർവ്യൂവിന്റെയും ആവശ്യമില്ല, എന്തെന്നാൽ, അവർ ബാബയെ ഈശ്വരനായി സ്വീകരിച്ചു കഴിഞ്ഞവരാണ്. അതുകൊണ്ട്, ഇന്റർവ്യൂ കിട്ടിയിട്ടില്ലാത്തവർക്ക് സമാധാനിക്കാം, അവർ ഉറപ്പിക്കപ്പെട്ട, പ്രഖ്യാപിക്കപ്പെട്ട, ഭക്തരാണ്. നിങ്ങളുടെ കാര്യം നേരത്തേതന്നെ ഉറപ്പിക്കപ്പെട്ടിരിക്കുന്നു, പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ പ്രത്യേകമായി വിളിപ്പിക്കപ്പെടേണ്ടതില്ല; അതിന്റെ ആവശ്യമില്ല! നിങ്ങൾ പരിവർത്തനം ചെയ്യപ്പെടേണ്ടതില്ല. നിങ്ങൾക്ക് ബോധ്യപ്പെടേണ്ടതില്ല. ബാബ ഈശ്വരനാണെന്ന് നിങ്ങൾക്കറിയാം.

ആദ്ധ്യാത്മികതയെക്കുറിച്ചുള്ള നമ്മുടെ ധാരണ വികസിപ്പിക്കുന്നതിന് നമ്മെ സഹായിക്കുന്നത് പ്രഫ. അനിൽകുമാർ അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു –** (*Sai-Vedam* പേജ് 284–291)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)